# റിവോൾവിങ് ഫണ്ട് പ്രോജെക്ട്

**സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി**
**കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

**മണ്ണുത്തി, തൃശൂർ, കേരളം PIN - 680651**
ഫോൺ - 8078400653, ഇമെയിൽ - rfnutrimty@kvasu.ac.in


നമ്പർ : കെ വി എ എസ് യൂ / എസ് എ എൻ എഫ് ടി /ആർ എഫ് ഫീഡ് മിൽ/ 224/2026-27

മണ്ണുത്തി
തീയ്യതി : 24.10.2026

## ടെൻഡർ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് ഫീഡ് മില്ലിൽ നിന്ന് വിവിധ ഇനം തീറ്റകളും ധാതുലവണ മിശ്രിതവും സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്ക് വാഹനങ്ങൾ കയറ്റുകൂലിയും ഉൾപ്പെടെ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ വാഹന ഉടമകളിൽ നിന്ന് മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ**

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്ത് "സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് ഫീഡ് മില്ലിൽ നിന്ന് വിവിധ ഇനം തീറ്റകളും ധാതുലവണ മിശ്രിതവും സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കുവാഹനങ്ങൾക്കുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

| | |
|---|---|
| ടെൻഡർ അയക്കേണ്ട വിലാസം : | പ്രൊഫസർ & പി ഐ<br>റിവോൾവിങ് ഫണ്ട് പ്രോജെക്ട്<br>ആർ എഫ് ഫീഡ് മിൽ ,സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി<br>കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി<br>മണ്ണുത്തി തൃശൂർ കേരളം, PIN – 680651 |
| ടെൻഡർ ലഭിക്കേണ്ട അവസാന തീയ്യതി, സമയം : | **09.11.2026**, രാവിലെ **11** മണി വരെ |
| ടെൻഡർ തുറക്കുന്ന തീയ്യതി, സമയം : | **09.11.2026**, രാവിലെ **11:30** ന് |
| ടെൻഡർ കാലാവധി : | ടെൻഡർ നിജപ്പെടുത്തിയതിനുശേഷം 1 വർഷ കാലയളവിലേക്കായിരിക്കും. |
| ടെൻഡർ പ്രമാണങ്ങൾ സ്വീകരിക്കുന്ന ഓഫീസ് : | റിവോൾവിങ് ഫണ്ട് പ്രോജെക്ട്<br>ആർ എഫ് ഫീഡ് മിൽ ,സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി<br>കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മണ്ണുത്തി<br>തൃശൂർ കേരളം, PIN – 680651 |

**പ്രൊഫസർ & പി ഐ**

Professor & PI
RF Project on Supply of Compound feed and Mineral Mixture for various classes of livestock
KVASU, Mannuthy

ടെൻഡർ ഫോമിനും കൂടുതൽ വിവരങ്ങൾക്കും **www.kvasu.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ടെൻഡറിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു

**Table 1:** വെറ്ററിനറി സർവകലാശാല / സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് / അർദ്ധസർക്കാർ ഫാമുകളിലേക്ക്

| ക്രമ നമ്പർ | വാഹനം | വാഹനം ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള നിരക്ക് | | |
|---|---|---|---|---|
| | | സാധാരണ പ്രദേശങ്ങളിലേക്ക് | ഉയർന്ന പ്രദേശങ്ങളിലേക്ക് | പ്രതിദിന വാടക ( 100 KM താഴെ) |
| 1 | 0 – 1 ടൺ വരെ | | | |
| 2 | 1 – 2 ടൺ വരെ | | | |
| 3 | 2 – 4 ടൺ വരെ | | | |
| 4 | 4 – 6 ടൺ വരെ | | | |
| 5 | 6 – 8 ടൺ വരെ | | | |
| 6 | 8 – 10 ടൺ വരെ | | | |
| 7 | 10 – 12 ടൺ വരെ | | | |
| 8 | 12 – 15 ടൺ വരെ | | | |

കയറ്റുകൂലി 50 കിലോഗ്രാം വരുന്ന ചാക്കൊന്നിനു 16 രൂപ 30 പൈസയായി നിശ്ചയിച്ചിട്ടുണ്ട്.

**Table 2:** **മണ്ണുത്തി ക്യാമ്പസ്സിനകത്തുള്ള വെറ്ററിനറി സർവകലാശാലയുടെ വിവിധ ഫാമുകളിലേക്ക് ആഴ്ചയിലൊരിക്കൽ 10 – 15 ടൺ വരെ വിവിധ ഇനം തീറ്റകളും ധാതുലവണ മിശ്രിതവും വിതരണം നടത്തുന്നതിനുള്ള വാടക (പരമാവധി ദൂരം 10KM താഴെ)**

| ക്രമ നമ്പർ | പ്രതിദിന വാടക (രൂപ) | കയറ്റിറക്കു കൂലി (50 Kg ചാക്കൊന്നിന്) |
|---|---|---|
| 1 | | |

**നിബന്ധനകൾ**

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്ത് "സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് ഫീഡ് മില്ലിൽ നിന്ന് തീറ്റ സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കുവാഹനങ്ങൾക്കുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

1. ടെൻഡർ കാലാവധി ടെൻഡർ നിജപ്പെടുത്തിയതിനുശേഷം 1 വർഷ കാലയളവിലേക്കായിരിക്കും. ഈ കാലയളവിൽ യാതൊരു കാരണവശാലും കരാർ തുക വർധിപ്പിക്കുന്നതല്ല.
2. വെറ്ററിനറി സർവകലാശാല / സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഫാമുകളിലേക്ക് വാഹനം ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള് നിരക്ക് വ്യക്തമായി രേഖപ്പെടുത്തണം.
3. സർവകലാശാലക്കു കീഴിലുള്ള ഫാമുകളിലേക്ക് തീറ്റ നൽകുന്നതിന് ആവശ്യമായ വാഹനത്തിന് കുറഞ്ഞത് 10 ടൺ പെർമിറ്റ് ഉണ്ടായിരിക്കണം.
4. ഒരു മാസം സഞ്ചരിക്കേണ്ട പരമാവധി ദൂരം 3000 കിലോമീറ്റർ മുതൽ 4000 കിലോമീറ്റർ വരെ ആയിരിക്കും
5. ടെൻഡർ സമർപ്പിക്കുന്നതിനോടൊപ്പം ഗതാഗതത്തിന് ഉപയോഗിക്കാനുദ്ദേശിക്കുന്ന വാഹനത്തിന്റെ പെർമിറ്റ്, ഇൻഷുറൻസ് തുടങ്ങിയ എല്ലാവിധ ഔദ്യോഗിക രേഖകളും നൽകേണ്ടതാണ്. കൃത്യമായ രേഖകൾ നൽകാത്ത ടെൻഡർ സ്വീകരിക്കുന്നതല്ല.
6. കയറ്റുകൂലി **50** കിലോഗ്രാം വരുന്ന ചാക്കൊന്നിനു **16** രൂപ 30 **പൈസയായി** നിശ്ചയിച്ചിട്ടുണ്ട്.
7. ഫീഡ് കയറ്റുന്ന ജോലി മണ്ണുത്തിയിലെ അംഗീകൃത യൂണിയൻ തൊഴിലാളികളാണ് ചെയ്യുന്നത്. തൊഴിലാളികൾക്കുള്ള കൂലി അതാത് സമയത്തുതന്നെ കരാറുകാരൻ നൽകേണ്ടതാണ്.
8. ടെൻഡർ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒരു വർഷത്തെ കരാർ തുകയുടെ 5% ആയ തുക പ്രൊഫസർ & പി ഐ , റിവോൾവിങ് ഫണ്ട് പ്രോജെക്ട് , സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്‌സിറ്റി എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണുത്തി ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ, ഓഫീസിൽ നേരിട്ടോ അടക്കേണ്ടതാണ്.
9. ടെൻഡർ ഫോമിന്റെ വില ആയ 3422/- രൂപയും [Rs. 2900/ - + 522/- (GST 18 %)] നിരതദ്രവ്യം ആയ 19000/- രൂപയും പ്രൊഫസർ & പി ഐ, റിവോൾവിങ് ഫണ്ട് പ്രോജെക്ട്, സ്കൂൾ ഓഫ് അനിമൽ ന്യൂട്രിഷൻ ആൻഡ് ഫീഡ് ടെക്നോളജി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്‌സിറ്റി എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മണ്ണുത്തി ബ്രാഞ്ചിൽ മാറാവുന്ന വെവ്വേറെ ഡിമാൻഡ് ഡ്രാഫ്റ്റുകളായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേല്പറഞ്ഞ തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റുകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.
10. ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് ഒരു മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്കു മുമ്പാകെ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൽ നിന്ന് പിന്മാറിയാൽ ഫീഡ് മില്ലിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും.
11. വാഹനത്തിന്റെ അറ്റകുറ്റപണികൾ കരാറുകാരൻ സ്വന്തം ചിലവിൽ നടത്തേണ്ടതാണ്. കരാറുകാലയളവിൽ വാഹനത്തിനോ മറ്റു സ്വത്തുക്കൾക്കോ, ജീവനോ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് യൂണിവേഴ്‌സിറ്റിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
12. ഡ്രൈവറുടെ വേതനം, ഇന്ധനം, ടോൾ എന്നിവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.
13. പ്രൊഫസർ & പി ഐ - ക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ സമയത്തെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.
14. കരാറുകാരൻ 200 രൂപ മുദ്രപേപ്പറിൽ നിശ്ചിതമാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പുവെക്കേണ്ടതാണ്.
15. തൃപ്തികരമായ രീതിൽ ഫീഡ് വിതരണം ചെയ്ത ശേഷമേ ബില്ല് തുക അനുവദിക്കുകയുള്ളു. ഫീഡ് തൃപ്തികരമായ രീതിയിൽ വിതരണം ചെയ്തശേഷം ഒരു മാസത്തെ ബില്ല് കയറ്റുകൂലി ഉൾപ്പെടെ നൽകേണ്ടതാണ്. തുക ഒരുമിച്ച് അടുത്തമാസം നൽകുന്നതാണ്. യാതൊരു കാരണവശാലും തുക മുൻകൂറായി നൽകുന്നതല്ല.

16. കരാറുകാരൻ വാഹനം നിശ്ചയിച്ച സമയത്തു നൽകാതെയോ ഇടയ്ക്കു വച്ച് നിർത്തുകയോ ചെയ്താൽ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് കരാർ നൽകുന്നതായിരിക്കും.
17. പ്രൊഫസർ & പി ഐ - യ്ക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിക്കോ വ്യക്തികൾക്കോ അദ്ദേഹം ആവശ്യപ്പെടുന്ന സമയത്തു കൃത്യമായി ഡ്രൈവറും വാഹനവും വരുകയും കൃത്യസമയത്തു ഫീഡ് ഫാമുകളിൽ തൃപ്തികരമായ രീതിയിൽ എത്തിക്കുകയും ചെയ്യണം.
18. ഒരേ ദിവസം തന്നെ ഒന്നിൽകൂടുതൽ സ്ഥലങ്ങളിലേക്ക് ഫീഡ് വിതരണം ചെയ്യേണ്ടി വന്നാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പകരം വാഹനം ഏർപ്പാടാക്കി നൽകേണ്ടതാണ്.
19. വാഹനത്തിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ പകരം സംവിധാനം കരാറുകാരൻ ഉണ്ടാക്കേണ്ടതും, അക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ ചിലവിൽ സ്ഥാപനം തന്നെ വേറെ വാഹനം ലഭ്യമാക്കുകയും അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദി ആയിരിക്കും.
20. പ്രൊഫസർ & പി ഐ - യോ അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയോ വ്യക്തികൾക്കോ പുറപ്പെടുവിക്കുന്ന ഏതൊരു നിർദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
21. **09.11.2026**, രാവിലെ**11** മണി വരെ ലഭ്യമാകുന്ന എല്ലാ ടെണ്ടറുകളും പ്രൊഫസർ & പി ഐ യുടെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കി പ്രവർത്തിക്കാമെന്നു ഉറപ്പുനൽകുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നല്ലപ്പെടുന്നതാണ്.
22. ലഭ്യമാകുന്ന എല്ലാ ടെണ്ടറുകളും പ്രൊഫസർ & പി ഐ യുടെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കി പ്രവർത്തിക്കാമെന്നു ഉറപ്പുനൽകുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നല്ലപ്പെടുന്നതാണ്.
23. വൈകി സമർപ്പിക്കപ്പെടുന്നതും അപൂർണ്ണവും ആയ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
24. ഈ ടെൻഡർ സംബന്ധിച്ച ഏതൊരു തീരുമാനവും കൈകൊള്ളുന്നതിനും ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണവും ബോധിപ്പിക്കാതെ ടെൻഡർ നിരാകരിക്കുന്നതിനുള്ള പരിപൂർണ്ണ അവകാശം പ്രൊഫസർ & പി ഐ യിൽ നിക്ഷിപ്തമായിരിക്കും.
25. ഗവണ്മെന്റ് ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

**പ്രൊഫസർ & പി ഐ**

Professor & PI
RF Project on Supply of Compound feed and Mineral Mixture for various classes of livestock
KVASU, Mannuthy

പകർപ്പ് : നോട്ടീസ് ബോർഡ്, എസ് എ എൻ എഫ് ടി - ആർ എഫ് ഫീഡ് മിൽ /ഫയൽ /യൂണിവേഴ്സിറ്റി വെബ്സൈറ്റ്